"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - നഗരകാര്യം -കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി രാഗിത പി.കെ യുടെ സേവനപുസ്തകത്തിൽ ജനന തീയതി തിരുത്തൽ വരുത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം.1935/2024/LSGD തീയതി,തിരുവനന്തപുരം, 15-10-2024

---

പരാമർശം:-

1. 30/12/1991 ലെ സ.ഉ.(പി) നം.45/91/പി & എ.ആർ.ഡി
2. ശ്രീമതി.രാഗിത പി.കെ. യുടെ 24.02.2022 ലെ അപേക്ഷ
3. പ്രിൻസിപ്പൽ ഡയറക്ടറുടെ 11.01.2024, 04.03.2024 തീയതികളിലെ LSGD/PD/8385/2023-DEF3 നമ്പർ കത്തുകൾ.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിൽ 14.05.2018 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി രാഗിത പി.കെ യുടെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള ജനന തീയതിയായ 01.04.1982 എന്നുള്ളത് ടിയാളുടെ ജനനസർട്ടിഫിക്കറ്റിലെയും S S L C ബുക്കിലേയും ജനനതീയതിയായ 05.10.1982 ആയി തിരുത്തുന്നതിന് പരാമർശം (2) പ്രകാരം ശ്രീമതി രാഗിത പി.കെ സമർപ്പിച്ചിരുന്ന അപേക്ഷ പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശുപാർശ ചെയ്ത് ലഭ്യമാക്കിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാർ ജീവനക്കാരുടെ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നത് സംബന്ധിച്ച വ്യവസ്ഥകൾ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, സർക്കാർ ജീവനക്കാർക്ക് സർവീസിൽ പ്രവേശിച്ചു അഞ്ചു വർഷങ്ങൾക്കുള്ളിൽ ആവശ്യമെങ്കിൽ സേവനപുസ്തകത്തിൽ ജനനത്തീയതി തിരുത്തൽ വരുത്തുന്നതിന് ആവശ്യമായ പ്രമാണങ്ങൾ സഹിതം അപേക്ഷിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ശ്രീമതി. രാഗിത പി.കെ സർവ്വീസിൽ പ്രവേശിച്ചത് 14.05.2018 ന് ആണെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടിയാൾ 24.02.2022 ന് ജനനത്തീയതി തിരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. മേൽ സാഹചര്യത്തിൽ കോഴിക്കോട് നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീമതി രാഗിത പി.കെ യുടെ സേവനപുസ്തകത്തിൽ, SSLC രേഖകളിൽ തിരുത്തൽ വരുത്തിയത് പ്രകാരം, ജനനത്തീയതി 05.10.1982 ആയി തിരുത്തൽ വരുത്തുന്നതിനു പ്രിൻസിപ്പൽ ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അഞ്ജലിദേവി എ ജി

അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, എൽ.എസ്.ജി.ഡി, തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

സെക്രട്ടറി, കോഴിക്കോട് നഗരസഭ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

ശ്രീമതി രാഗിത പി.കെ, ഓഫീസ് അറ്റൻഡന്റ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം

കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by

Sonu Jacob

Date: 16-10-2024 15:00:23

സെക്ഷൻ ഓഫീസർ